# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1151

05.03.2018 -ൽ മറുപടിക്ക്

## വില്ലേജുകളില്ലാത്ത ഗ്രാമപഞ്ചായത്തുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ. ഷംസുദ്ദീൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വില്ലേജുകളില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണ് എന്ന് വിശദീകരിക്കുമോ;<br><br>(ബി) പ്രസ്തുത സ്ഥലങ്ങളിൽ വില്ലേജുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) യും (ബി) യും സംസ്ഥാനത്ത് വില്ലേജുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ നിലവിലില്ല. വില്ലേജുകൾ ഇല്ലാതിരുന്ന രണ്ട് ഗ്രാമപഞ്ചായത്തുകളായ ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി എന്നിവിടങ്ങളിൽ 7-11-2014-ലെ ജി.ഒ(എം.എസ്) നമ്പർ 459/14/റവന്യൂ ജി.ഒ(എം.എസ്) നമ്പർ 460/14/റവന്യൂ വിജ്ഞാപനങ്ങൾ പ്രകാരം വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാലും, കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത വില്ലേജാഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഇടുക്കി ജില്ലാ ഭരണകൂടം സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ